(i) മത്സ്യബന്ധനം, അനുബന്ധ വിഷയങ്ങൾ എന്നിവ അടിസ്ഥാനമാക്കി വ്യക്തികൾക്കും സംഘടനകൾക്കും സമിതിയ്ക്ക് പരാതി സമർപ്പിക്കാവുന്നതാണ്. സമിതിയ്ക്ക് സമർപ്പിക്കുന്ന പരാതികൾ കോടതിയുടെ പരിഗണനയിലുള്ളതാകാൻ പാടില്ല. പരാതികളിൽ പരാതിക്കാരന്റെ പേരും, മേൽവിലാസവും, ഒപ്പും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആയത് നേരിട്ടോ തപാൽ മാർഗ്ഗമോ സമിതിയ്ക്ക് സമർപ്പിക്കാവുന്നതുമാണ്.

(ii) സമിതിയ്ക്ക് സമർപ്പിക്കുന്ന പരാതികൾ ബഹുമാനപ്പെട്ട സ്പീക്കറെയോ, സമിതിയെയോ, സമിതി ചെയർമാനെയോ, നിയമസഭാ സെക്രട്ടറിയെയോ അഭിസംബോധന ചെയ്തുകൊണ്ട് ആയിരിക്കേണ്ടതാണ്.

(iii) സമിതിയ്ക്ക് പരാതി സമർപ്പിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട വകുപ്പിന് പരാതി നൽകണമെന്ന് മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല.